# SSLC EXAMINATION, MARCH - 2023

## SOCIAL SCIENCE

(Malayalam)

exam WINNER

Time : 2½ Hours                                                    Total Score : 80

**പൊതുനിർദ്ദേശങ്ങൾ :**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- **PART A** യിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. **PART B** യിലെ ഓരോ ചോദ്യനമ്പറിലും ഉൾപ്പെടുത്തിയിരിക്കുന്ന ഒരു ചോദ്യത്തിന് മാത്രമേ ഉത്തരം എഴുതേണ്ടതുള്ളൂ.

Score

## PART-A

1. ഇന്ത്യയിലെ ഏറ്റവും ഉയരമുള്ള കൊടുമുടി : 1

   (a) നംഗ പർവ്വതം (b) മൗണ്ട് $K_2$ (c) കാഞ്ചൻജംഗ (d) ആനമുടി

2. ഗദർ പാർട്ടിയുടെ നേതാവ് : 1

   (a) സി.ആർ. ദാസ് (b) സൂര്യസെൻ (c) ലാലാ ഹർദയാൽ (d) രാജ്ഗുരു

3. നല്കിയിട്ടുള്ളവയിൽ പൗരബോധം പ്രതിഫലിക്കുന്ന പ്രവർത്തനം തിരിച്ചറിയുക. 1

   (a) പൊതു ഇടങ്ങളിൽ മാലിന്യം വലിച്ചെറിയുക

   (b) വൃദ്ധജനങ്ങളെ ബഹുമാനിക്കൽ

   (c) ഗതാഗത നിയമങ്ങൾ അവഗണിക്കൽ

   (d) അഴിമതി

4. ഒരു സാമ്പത്തിക വർഷത്തിൽ സർക്കാർ പ്രതീക്ഷിക്കുന്ന വരവും ചെലവും വിശദമാക്കുന്ന ധനകാര്യ രേഖ : 1

   (a) നികുതി (b) വികസനേതര ചെലവുകൾ

   (c) ബജറ്റ് (d) പലിശ

Protected with free version of Watermarkly. Full version doesn't put this mark.

Score

5. ടാറ്റാ ഇരുമ്പുരുക്ക് കമ്പനിയെ സംബന്ധിച്ച ശരിയായ പ്രസ്താവനയേത് ? 1

(a) പൊതുമേഖലയിലെ ആദ്യ ഇരുമ്പുരുക്ക് ശാല.

(b) ദക്ഷിണേന്ത്യയിലെ ആദ്യ ഇരുമ്പുരുക്ക് ശാല.

(c) ജർമ്മനിയുടെ സാങ്കേതിക സഹായത്തോടെ സ്ഥാപിച്ചു.

(d) സ്വകാര്യ മേഖലയിലെ ഏറ്റവും വലിയ ഇരുമ്പുരുക്ക് ശാല.

exam WINNER

6. സമൂഹശാസ്ത്രത്തിന്റെ ആവിർഭാവത്തിന് വഴിയൊരുക്കിയ വിപ്ലവങ്ങൾ ഏതെല്ലാം ? 3

7. പൗരബോധം വളർത്തിയെടുക്കുന്നതിൽ വിദ്യാഭ്യാസം വഹിക്കുന്ന പങ്ക് വിശദമാക്കുക. 3

8. ഇന്ത്യയുടെ കാലാവസ്ഥയെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങൾ ഏതെല്ലാം ? 3

9. ജലഗതാഗതത്തിന്റെ മേന്മകൾ എന്തെല്ലാം ? 3

10. ചരക്ക് സേവന നികുതിയെപ്പറ്റി (GST) ലഘുകുറിപ്പ് തയ്യാറാക്കുക. 3

11. A കോളത്തിന് അനുയോജ്യമായി B കോളം ക്രമപ്പെടുത്തി എഴുതുക. 4

| A | B |
|---|---|
| • രാമകൃഷ്ണ മിഷൻ | സർ സയ്യിദ് അഹ്മദ്ഖാൻ |
| • അലിഗഢ് പ്രസ്ഥാനം | വീരേശലിംഗം |
| • തിയോസഫിക്കൽ സൊസൈറ്റി | സ്വാമി വിവേകാനന്ദൻ |
| • ഹിതകാരിണി സമാജം | ആനിബസന്റ് |

12. ക്വിറ്റ് ഇന്ത്യാ സമരത്തെ കുറിച്ച് ഒരു ലഘു കുറിപ്പ് എഴുതുക. 4

13. ഉപഭോക്തൃ തർക്കത്തിൽ പരാതി നൽകാവുന്ന സന്ദർഭങ്ങൾ സൂചിപ്പിക്കുക. 4

14. വൈക്കം സത്യാഗ്രഹം, ഗുരുവായൂർ സത്യാഗ്രഹം എന്നിവയുടെ പ്രാധാന്യം വിശദമാക്കുക. 4

Protected with free version of Watermarkly. Full version doesn't put this mark.

Score

15. ചുവടെ ചേർത്തിട്ടുള്ള ഭൂവിവരങ്ങളെ നല്കിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തുക. 4

(A) കാവേരി നദി
(B) ഡക്കാൻ പീഠഭൂമി
(C) പശ്ചിമഘട്ടം
(D) കണ്ട്‌ല തുറമുഖം

exam WINNER

## PART - B

16. റയട്ട്‌വാരി വ്യവസ്ഥയും മഹൽവാരി വ്യവസ്ഥയും തമ്മിലുള്ള വ്യത്യാസമെഴുതുക. 3

**അല്ലെങ്കിൽ**

ബഹിരാകാശ ഗവേഷണ രംഗത്ത് സ്വതന്ത്ര ഇന്ത്യ കൈവരിച്ച ഏതെങ്കിലും മൂന്ന് നേട്ടങ്ങൾ പട്ടികപ്പെടുത്തുക.

17. ഏത് രേഖാംശത്തെയാണ് ഇന്ത്യയുടെ മാനകരേഖാംശമായി കണക്കാക്കുന്നത് ? ഗ്രീനിച്ച് സമയം രാത്രി 12 മണി ആയിരിക്കെ ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം എത്രയെന്ന് കണക്കാക്കുക. 3

**അല്ലെങ്കിൽ**

പശ്ചിമവാതങ്ങളെപ്പറ്റി ഒരു കുറിപ്പ് തയ്യാറാക്കുക.

18. ഇന്ത്യൻ തുണി വ്യവസായത്തിന്റെ തകർച്ചയ്ക്ക് ഇടയാക്കിയ ഏതെങ്കിലും മൂന്ന് കാരണങ്ങൾ സൂചിപ്പിക്കുക. 3

**അല്ലെങ്കിൽ**

1986-ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ നിർദ്ദേശങ്ങൾ എന്തെല്ലാം ?

19. സഹകരണ ബാങ്കുകളുടെ പ്രധാന ഉദ്ദേശ്യങ്ങൾ പട്ടികപ്പെടുത്തുക. 4

**അല്ലെങ്കിൽ**

വിദ്യാഭ്യാസം എങ്ങനെ രാജ്യത്തിന്റെ വികസനത്തെ സഹായിക്കുന്നു എന്ന് സൂചിപ്പിക്കുക.

20. രാഷ്ട്രം നിർവ്വഹിക്കുന്ന നിർബന്ധിത ചുമതലകൾ എഴുതുക. 4

**അല്ലെങ്കിൽ**

പൊതുഭരണത്തിന്റെ പ്രാധാന്യമെന്ത് ? വിശദമാക്കുക.



Protected with free version of Watermarkly. Full version doesn't put this mark.

Score

21. നല്കിയിട്ടുള്ള റഫറൻസ് ഗ്രിഡുകൾ പരിശോധിച്ച് താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 4




(i) പാലത്തിന്റെ സ്ഥാനം 4 അക്ക ഗ്രിഡ് റഫറൻസ് രീതിയിൽ കണക്കാക്കുക.

(ii) 8537 എന്ന ഗ്രിഡിൽ എന്ത് സാംസ്കാരിക സവിശേഷതയാണുള്ളത് ?

(iii) കുഴൽ കിണറിന്റെ സ്ഥാനം 6 അക്ക ഗ്രിഡ് റഫറൻസ് രീതിയിൽ കണക്കാക്കുക.

(iv) 846362 എന്ന് ഗ്രിഡ് റഫറൻസുള്ള സാംസ്കാരിക സവിശേഷതയേത് ?

**അല്ലെങ്കിൽ**

ഭൂസ്ഥിര ഉപഗ്രഹങ്ങളും സൗരസ്ഥിര ഉപഗ്രഹങ്ങളും തമ്മിൽ താരതമ്യം ചെയ്യുക.

22. രണ്ട് തരം പൗരത്വങ്ങൾ ഏതെല്ലാം ? വിശദമാക്കുക. 4

**അല്ലെങ്കിൽ**

ഇന്ത്യൻ സിവിൽ സർവ്വീസിന്റെ രണ്ട് വിഭാഗങ്ങളായ അഖിലേന്ത്യാ സർവ്വീസ്, കേന്ദ്ര സർവ്വീസ് എന്നിവ താരതമ്യം ചെയ്യുക.

Protected with free version of Watermarkly. Full version doesn't put this mark.

Score

23. ഇലക്ട്രോണിക് ബാങ്കിങ്ങ് (E-Banking) നെ കുറിച്ച് ഒരു കുറിപ്പെഴുതുക. 4

**അല്ലെങ്കിൽ**

ജനസംഖ്യാ പഠനം നടത്തുന്നത് എന്തിനാണെന്ന് വിശദമാക്കുക.

24. വസന്തകാലത്തിന്റെയും ഹേമന്തകാലത്തിന്റെയും സവിശേഷതകൾ താരതമ്യം ചെയ്യുക. 5

**അല്ലെങ്കിൽ**

തെക്ക് പടിഞ്ഞാറൻ മൺസൂൺ കാറ്റുകൾ രൂപം കൊള്ളുന്ന സാഹചര്യം വിശദമാക്കുക.

25. ചുവടെ നല്കിയിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ ചൈനീസ് വിപ്ലവത്തെ കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക. 6

സൂചന : ഡോ. സൻയാത്സെന്നിന്റെ പങ്ക്

മാവോ സെതുംഗും ജനകീയ ചൈന റിപ്പബ്ലിക്കിന്റെ രൂപീകരണവും.

**അല്ലെങ്കിൽ**

ഒന്നാം ലോകയുദ്ധത്തിന്റെ കാരണങ്ങൾ വിവരിക്കുക.

- o O o -

Protected with free version of Watermarkly. Full version doesn't put this mark.